(Pages : 4)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**R – 1142**

Reg. No. : ..............................

Name : ..................................

## Sixth Semester B.A. Degree Examination, April 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course XIII

## ML 1643 : മലയാളകവിത - ഉത്തരഘട്ടം

## (2018 Admission Onwards)

Time : 3 Hours — Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ മിസ്റ്റിക് കവി എന്നറിയപ്പെടുന്നതാര് ?

2. 'വനിതാകമ്മീഷൻ' എന്ന കവിതയുടെ കർത്താവാര് ?

3. 'വർണ്ണരാജി' എന്ന കവിതാപഠനഗ്രന്ഥത്തിന്റെ കർത്താവാര്?

4. 'കുടിയിറക്കൽ' ആരുടെ കവിതയാണ് ?

5. 'പുതുമലയാണ്മതൻ മഹേശ്വരൻ' എന്ന് എഴുത്തച്ഛനെ വിശേഷിപ്പിച്ചതാരാണ്?

6. 'ആശയഗംഭീരൻ' എന്നറിയപ്പെട്ട കവി ?

7. 'യുഗളപ്രസാദൻ' ഏത് ബംഗാളി നോവലിലെ കഥാപാത്രമാണ് ?

P.T.O.

8. ‘കാവ്യലോകസ്മരണകൾ’ ആരുടെ ആത്മകഥയാണ് ?

9. കുമാരനാശാന്റെ ‘വീണപൂവ്’ ആദ്യം പ്രസിദ്ധീകരിച്ച മാസിക ഏത് ?

10. ബൈബിൾ കഥയിൽനിന്നും ഇതിവൃത്തം സ്വീകരിച്ചുകൊണ്ട് വള്ളത്തോൾ രചിച്ച ഖണ്ഡകാവ്യം ഏത് ?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "രാവരിച്ചു വന്നെത്തുന്ന പത്രം
വാതിലിൽ വന്നുമുട്ടി വീഴുമ്പോൾ
ചപ്പുവാരി നിവർന്നിവൾക്കിത്ര
കാപ്പിമട്ടു കുടിക്കുവാൻ ദാഹം" - സന്ദർഭവും ഔചിത്യഭംഗിയും വിശദമാക്കുക.

12. "സഹ്യനേക്കാൾ തലപ്പൊക്കം
നിളയെക്കാളുമാർദ്രത" - വിവക്ഷിതമെന്ത് ?

13. "വഴിവെട്ടിയ ഞങ്ങടെ മൂപ്പനെ
വഴിപോൽ മാനിക്കണമല്ലോ" - സൂചിതമെന്ത് ?

14. "ഇന്നെനിക്ക് അതിന്റെ അത്രയും പേശീബലമില്ല" - ഏതിന്റെ അത്രയും? കാരണമെന്ത് ?

15. "നിന്ദയുണ്ടാമൂളലിൽ" എന്തുകൊണ്ടാണ് മൂളലിൽ നിന്ദ തോന്നിയത് ? സന്ദർഭം എഴുതുക.

16. "പരസുഖമേ സുഖമെനിക്കു നിയതം
പരദുഃഖം ദുഃഖം" - സൂചിതമെന്ത് ?

17. "പാടും പിശാച് ശപിച്ചു ചോദിക്കുന്നു
പന്തങ്ങൾ പേറും കരങ്ങൾ ചോദിക്കുന്നു" - സന്ദർഭമെന്ത് ? ആശയഭംഗി വ്യക്തമാക്കുക.

18. "പിന്നെയൊരുനാൾ കടൽ കണ്ടു ഞാൻ" - ജീവിതദർശനത്തെ ഏതു മട്ടിലാണ് കവിതയിലവതരിപ്പിക്കുന്നത് ?

19. ''പ്രേമത്തിൻ തി[illegible] കണ്ടതു ചെന്നെടുക്കയായ് വിൻ

ഭീമമാം ഖഡ്ഗത്തെക്കാൾ മൂർച്ചയേറിയതത്രെ'' - വിവക്ഷിതമെന്ത് ?

20. യഥാതഥ രചനാരീതി എന്തെന്ന് വിശദമാക്കുക.

21. അനിതാതമ്പിയുടെ പ്രധാന കൃതികൾ ഏതെല്ലാം?

22. കാല്പനികതയുടെ പ്രാരംഭത്തിൽ മലയാളത്തിലുണ്ടായ പ്രധാന കൃതികൾ ഏതെല്ലാം?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. വിലാപകാവ്യപ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

24. ''നേരേ വിടർന്നു വിലസീടിന നിന്നെ

നോക്കി-യാരാകിലെന്തു മിഴിയുള്ളവർ

നിന്നിരിക്കാം'' - സന്ദർഭമെഴുതുക. ആശയഭംഗി വിശദമാക്കുക.

25. 'കണ്ണീർപ്പാടം' എന്ന കവിതയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ജീവിതദർശം എന്ത് ?

26. 'വീണപൂവ്' എന്ന കവിത എഴുതാനിടയായ സാഹചര്യവും എന്തെന്ന് വിശദീകരിക്കുക.

27. പുരാണകഥാപാത്രങ്ങളെ മിഴിവോടെ ചിത്രീകരിക്കുന്ന കവിതയാണ് 'ശിഷ്യനും മകനും' - വിലയിരുത്തുക.

28. സിംബലിസ്റ്റിക്, മിസ്റ്റിക് പ്രസ്ഥാനങ്ങൾ മലയാളകവിതയെ സ്വാധീനിച്ചിട്ടുണ്ടോ? വിശദീകരിക്കുക.

29. ''മറക്കാം നമുക്കല്പമാത്രകളെങ്കിലും സ്വന്തമാക്കാം'' - കവി ഇങ്ങനെ പറയാൻ കാരണമെന്ത് ?

30. സൈബർ സാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

31. ആധുനികത സാഹിത്യത്തിലേയ്ക്ക് കടന്നുവരാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ആധുനികാനന്തരകവിതയുടെ സ്വഭാവം ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി വിശദീകരിക്കുക.

33. കാല്പനികത മലയാളത്തിലേയ്ക്ക് കടന്നുവരാനിടയായ സാഹചര്യവും കാല്പനികതയുടെ പ്രത്യേകതകളും വിവരിക്കുക.

34. ഇടശ്ശേരിയുടെ കാവ്യജീവിതത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? 'ഹനുമത്സേവ തുഞ്ചൻപറമ്പിൽ' എന്ന കവിതയെ മുൻനിറുത്തി ചിന്തിക്കുക.

35. 'ആധുനികതയുടെ കാലത്തുതന്നെ വഴിമാറി നടന്ന കവികളാണ് കടമ്മനിട്ട, ഡി. വിനയചന്ദ്രൻ' - ഈ അഭിപ്രായം ശരിയോ ? വിലയിരുത്തുക.

**(2 × 15 = 30 Marks)**

---